**ശുചിത്വ മിഷൻ**
**തദ്ദേശ സ്വയം ഭരണ വകുപ്പ്**
**കേരള സർക്കാർ**

നം.1876/സി1/2016/എസ്.എം.

തീയതി : 01/08/2016

## <u>സർക്കുലർ</u>

വിഷയം :- തസ്വഭവ - ശുചിത്വമിഷൻ - വികസന ഫണ്ടിന്റെ 10% തുക ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്രോജക്ട് തയ്യാറാക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 20-07-2016-ലെ സ.ഉ(സാധാ)നം. 2235/2016/തസ്വഭവ
2. 30-06-2016-ലെ സ.ഉ (സാധ) നം. 2037/2016/തസ്വഭവ.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 10% തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്താൻ ഉത്തരവായ പശ്ചാത്തലത്തിൽ ടി ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന മാർഗ രേഖ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. ഇത്തരം പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം ഒഴികെയുള്ള മുഴുവൻ തുകയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്. ശുചിത്വമിഷന് സംസ്ഥാന പ്ലാൻ അലോക്കേഷൻ തീരെ പരിമിതമായതിനാൽ കുറവുള്ള തുക മാത്രമേ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും അനുവദിക്കാൻ കഴിയുകയുള്ളൂ.

കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളായ പൊതു ഭൂമിയുടെ ലഭ്യതകുറവ്, വർദ്ധിച്ച ജനസാന്ദ്രത, കേന്ദ്രീകൃത പ്ലാന്റുകൾക്കെതിരെയുള്ള പൊതുജന പ്രതിഷേധങ്ങൾ എന്നിവ കണക്കിലെടുക്കുമ്പോൾ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ പൊതുവേ പ്രായോഗികമല്ല. അതിനാൽ ജൈവമാലിന്യ പലിപാലനത്തിന് വികേന്ദ്രീകൃത/ ഉറവിട മാലിന്യ സംസ്കരണ മാർഗങ്ങളാണ് അവലംബിക്കേണ്ടത്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഉണ്ട്. എന്നാൽ പ്ലാസ്റ്റിക് പോലുള്ള അജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന് നിലവിൽ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ആയത് കത്തിക്കുന്നതിന്റെ ഫലമായി ഡയോക്സിൻ, ഫ്യൂറാൻ പോലുള്ള വിഷവാതകങ്ങൾക്ക് കാരണമാകുകയും അത് ക്യാൻസർ പോലുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതി

നാൽ അജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നും ശേഖരിച്ച് പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ചുവടെ പറയുന്ന മുൻഗണന പ്രകാരം ഏറ്റെടുക്കേണ്ടതാണ്.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ മാർക്കറ്റുകളിലും എയറോബിക് ബയോബിൻ (തുമ്പൂർമൂഴി) / ബയോഗ്യാസ്, സംവിധാനം ഒരുക്കി മാർക്കറ്റിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങളായ കാർഷിക മത്സ്യ മാംസ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കാവുന്നതാണ്. ഫ്ളാറ്റുകൾ/ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങൾ പൊതു സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതുതായി സ്ഥാപിക്കപ്പെടുന്ന സംവിധാനങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരം സഹായം നൽകാവുന്നതുമാണ്.
2. പ്ളാസ്റ്റിക് മുതലായ അജൈവ മാലിന്യങ്ങൾ കത്തിക്കുന്നത് പലതരത്തിലുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ ഇത്തരം പാഴ് വസ്തുക്കൾ ഗാർഹിക / സ്ഥാപന/മാർക്കറ്റ് തലങ്ങളിൽ നിന്നും നേരിട്ട് തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിക്കൽ നടത്തി പുനഃചംക്രമണത്തിന് കൈമാറുന്നതിന് അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങൾ (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) ആവശ്യാനുസരണം വാർഡുകളിൽ/ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്. ഇതു വഴി പ്ളാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്ന പ്രവണത ഒഴിവാക്കാനും അവ റീസൈക്കിളിംഗ് നടത്തി പുതിയ ഉത്പന്നമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. അജൈവ മാലിന്യ ശേഖരണത്തിന് സ്വയംസഹായ സംഘങ്ങളുടെ സംരംഭക ഗ്രൂപ്പുകൾ ഉണ്ടാക്കാവുന്നതും നല്ല ബിസിനസ്സ് മാതൃകകൾ സൃഷ്ടിക്കാവുന്നതുമാണ്. ലാഭകരമായും സുസ്ഥിരമായും ഇത്തരം സംരംഭങ്ങൾ പ്രവർത്തിക്കുന്നതിലേയ്ക്ക് തുടക്കത്തിൽ ആറു മാസത്തേയ്ക്ക് സംരംഭക ഗ്രൂപ്പുകൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) അനുവദിക്കാവുന്നതാണ്.
3. ജൈവമാലിന്യ സംസ്കരണം പൗരന്റെ സ്വന്തം ഉത്തരവാദിത്വമായി വളർത്തിയെടുക്കേണ്ടതാണ്. ഓരോ വീട്ടിലും ജൈവമാലിന്യം സംസ്ക്കരിക്കുന്നതിന് എന്തുതരം ഗാർഹിക മാലിന്യ സംസ്കരണ ഉപാധിയാണ് വേണ്ടതെന്ന് നിശ്ച

യിക്കുന്നതിനുവേണ്ട സർവ്വേ നടത്തി അനുയോജ്യമായ ഉപാധികൾ നിശ്ച യിക്കണം. ഇതുവഴി ഏതെല്ലാം സംവിധാനങ്ങൾ എത്ര ആവശ്യമായി വരുന്നു വെന്ന് കണക്കാക്കി അത്തരം സംവിധാനങ്ങൾ ജനങ്ങൾ ഉപയോഗിക്കുന്നു വെന്ന് ഉറപ്പാക്കേണ്ടതാണ്. സർവ്വേയിൽ കണ്ടെത്തുന്ന വീടുകളിൽ സബ്സിഡി കൊടുത്താൽ മാത്രമേ സംവിധാനം സൃഷ്ടിക്കാൻ കഴിയുക യുള്ളുയെന്ന വീടുകൾക്ക് മാത്രം ഗാർഹിക ഉറവിട മാലിന്യ സംവിധാനത്തിനു. ള്ള പ്രോജക്ട് തയ്യാറാക്കണം.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും വീടിനോടനുബന്ധിച്ച് പ്രകൃതിദത്ത രീതി കളിൽ ജൈവമാലിന്യം സംസ്ക്കരിക്കാൻ തീരെ സ്ഥലമില്ലാത്തവരുമായ ഗുണ ഭോക്താക്കൾക്ക് മാലിന്യ സംസ്കരണ ഉപാധികൾ നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്.

5. വളർത്തു മൃഗങ്ങൾ/പക്ഷികൾ ഉള്ളവർക്ക് ഉറവിട ജൈവ മാലിന്യ സംസ്ക രണ സംവിധാനം നിർബന്ധമാക്കേണ്ടതില്ല.

6. വീടിനോടനുബന്ധിച്ച് ആവശ്യമായ സ്ഥലമുള്ളവർക്ക് എല്ലാം തന്നെ ഒരു കമ്പോസ്റ്റ് കുഴി സ്വയമേവ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കണം. ഗ്രാമ പ്രദേ ശങ്ങളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേനയും നഗരപ്രദേശങ്ങളിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി മുഖേനയും കമ്പോസ്റ്റു കുഴി നിർമ്മിക്കാവു ന്നതാണ്.

7. മത്സ്യ–മാംസ മാർക്കറ്റുകൾ / ആശുപത്രികൾ / ഫ്ളാറ്റുകൾ / കല്യാണമണ്ഡ പങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ/സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മലിന ജലം അവിടെതന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താവുന്ന താണ്. കൂടാതെ വീടുകളിൽ ഉണ്ടാകുന്ന മലിന ജലം പൊതു സ്ഥലങ്ങളി ലേക്ക് ഒഴുക്കുന്നത് ഒഴിവാക്കുന്നതിനായി ഇത്തരം വീടുകളിൽ സോക്പിറ്റ് സംവിധാനം നിർബന്ധമാക്കേണ്ടതാണ്. പൊതു സ്ഥാപനങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജ ക്ടുകളാക്കാം. സ്വകാര്യ സ്ഥാപനങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേ ണ്ടതാണ്.

8. ആധുനിക അറവുശാല, കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ്, ക്രിമറ്റോറിയം എന്നീ ചെലവേറിയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത് ഇന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായതാണ്. എന്നാൽ ഈ സൗകര്യങ്ങൾ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നത് സ്ഥലം ലഭ്യതയും മുതൽ മുടക്കും പരിഗണിക്കുമ്പോൾ പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ സമീപ തദ്ദേശ സ്ഥാപനങ്ങൾ ചേർന്ന് ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലോ ബ്ലോക്ക് / നിയമസഭ മണ്ഡലങ്ങളിൽ ക്ളസ്റ്റർ അടിസ്ഥാനത്തിൽ സ്ഥല ലഭ്യത അനുസരിച്ച് ഒരു സ്ഥലത്ത് ക്രിമിറ്റോറിയം മറ്റൊരു സ്ഥലത്ത് അറവുശാല മൂന്നാമതൊരു സ്ഥലത്ത് പാക്കേജ് സ്പെറ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് എന്നിങ്ങനെ ജില്ലാ / ബ്ളോക്ക്/ ഗ്രാമ പഞ്ചായത്ത് / നഗരസഭ / എം.പി / എം.എൽ.എ / മറ്റ് ഫണ്ടുകൾ സ്വരൂപീച്ച് സംയുക്ത പ്രോജക്ടായി ഏറ്റെടുത്ത് സ്ഥാപിക്കാവുന്നതാണ്. അറവുശാലയോടനുബന്ധിച്ച് കോഴി, ആടുമാടുകളുടെ അറവുമാലിന്യം ശാസ്ത്രീയമായി സംസ്കരിച്ച് മറ്റ് വാണിജ്യ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന റെണ്ടറിംഗ് പ്ളാന്റ് കൂടി സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശത്തെ ഇത്തരം മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ടി സ്ഥാപനങ്ങൾക്ക് ഒരു പ്രധാന വരുമാന മാർഗമായി മാറ്റുന്നതിനും കഴിയും.

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്:- ഡയറക്ടർ, നഗരകാര്യ വകുപ്പ്.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
ചീഫ് എഞ്ചിനീയർ, തസ്വഭവ.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും.